**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2905** **12-07-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ നഗരസഭയിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ നഗരസഭയിൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കമോ; | (എ) | സ്റ്റേറ്റ്പ്ലാൻ 2017-18-ൽ ഉൾപ്പെട്ട പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവൃത്തിക്ക് 29/04/2020-ന് പ്രവർത്തനാനുമതി നൽകിയെങ്കിലും കിണർ നിർമ്മിക്കുന്നതിനു വേണ്ടി പാറ പൊട്ടിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. തുടർന്ന് 25/11/2021-ൽ ജില്ലാഭരണകൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 3/01/2022 ന് പ്രവൃത്തി ആരംഭിച്ചു. പക്ഷെ നാട്ടുകാരുടെ എതിർപ്പുമൂലവും ചപ്പാരപ്പടവ് പഞ്ചായത്തിന്റെ സ്ഥലം കൈയേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവെക്കാനുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നതിനാലും പ്രവൃത്തി താത്കാലികമായി നിർത്തിവെക്കേണ്ടി വന്നു. പ്രവൃത്തി ഇതു വരെ പുനരാരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവൃത്തി അടിയന്തരമായി പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ബഹു. കണ്ണൂർ ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ 11/01/2022-ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയും പെട്ടെന്ന് പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് സംരക്ഷണത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെയും പരിസരവാസികളുടേയും എതിർപ്പ് രൂക്ഷമായതിനാലും നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് തടയുന്നതിനാലും തൊഴിലാളികൾക്ക് താമസ സൗകര്യങ്ങൾ നിഷേധിക്കുന്നതിനാലും ദീർഘകാലത്തേക്ക് പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ കൊണ്ടുപോകുന്നത് ബുദ്ധിമുട്ടാണെന്ന് കോൺട്രാക്ടർ അറിയിച്ചിരുന്നു. ചപ്പാരപ്പടവ് പഞ്ചായത്തിൽ |

| | | | |
|---|---|---|---|
| | | | കാട്ടാമ്പള്ളിയിൽ KIIDC (കേരള ഇറിഗേഷൻ ഇൻഫ്രാസ്റ്റ്ക്ച്ചർ ഡെവലപ്‌മെൻറ് കോർപറേഷൻ) നിർമ്മിക്കുന്ന RCB (റെഗുലേറ്റർ കം ബ്രിഡ്ജ്) യുടെ പ്രവൃത്തി പുനരാരംഭിച്ചാൽ മാത്രമേ കിണറിന്റെ പ്രവൃത്തിയുമായി സഹകരിക്കുയുള്ളു എന്ന് ചപ്പാരപ്പടവ് പഞ്ചായത്തധികൃതരും നാട്ടുകാരും അറിയിച്ചിരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന RCB യുടെ നിർമ്മാണപ്രവൃത്തി 07/11/2019-ന് ആരംഭിച്ചെങ്കിലും കരാറുകാരൻ അംഗീകരിച്ച എഗ്രിമെന്റ് ഷെഡ്യൂൾ അനുസരിച്ചുള്ള റിങ് ബണ്ട് നിർമ്മിക്കാത്തതിനാൽ പ്രവൃത്തി മുന്നോട്ട് പോകാൻ സാധിച്ചില്ല.<br><br>2018-ലെയും 2019-ലെയും വെള്ളപ്പൊക്കത്തെ തുടർന്നുണ്ടായ MFL (Maximum Flood Level) അടിസ്ഥാനമാക്കി റെഗുലേറ്ററിന്റെ ഡിസൈൻ പുതുക്കണമെന്നും കരാറുകാരൻ ആവശ്യപ്പെട്ടു. എന്നാൽ പുഴയുടെ ഇരുകരകളിലേയും സ്ഥലപരിമിതിയും പുഴയുടെ നിലവിലെ വീതിയും കണക്കിലെടുത്ത് കെ.ഐ.ഐ.ഡി.സി രൂപകല്പനയിൽ ആവശ്യമായ ഭേദഗതികൾ വരുത്തി അതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക സമിതിയുടെ അനുമതി ലഭ്യമാക്കി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം എഗ്രിമെന്റ് വെക്കുന്നതിനും, ബാങ്ക് ഗ്യാരണ്ടി പുതുക്കുന്നതിനും കരാറുകാരനോട് ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ കോടതിയെ സമീപിച്ച് തുടർന്ന് കോടതി അനന്തര നടപടികൾ സ്റ്റേ ചെയ്യുകയുണ്ടായി. കേസ് കോടതിയുടെ പരിഗണനയിലുള്ളതിനാൽ കോടതിയിൽ അന്തിമവിധി ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ